**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1832** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി സാമൂഹ്യനീതിവകുപ്പും വകുപ്പിനുകീഴിലുള്ള മറ്റ് സ്ഥാപനങ്ങളും മുഖാന്തരം നിരവധിയായ വികസന ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദസംസ്ഥാനമാക്കി മാറ്റുന്നതിനായി സർക്കാരിലെ സാമൂഹ്യനീതിവകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ

### I. സാമൂഹ്യനീതിവകുപ്പ്

1. സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദസംസ്ഥാനമായി മാറ്റുന്നതിനായി ഭിന്നശേഷി സൗഹൃദ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ രൂപികരിക്കുന്ന ഒരു പദ്ധതി പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദപഞ്ചായത്തുകൾക്കായുള്ള മാർഗരേഖ ബാരിയർഫ്രീ കൺൾട്ടൻസി സെൽ മുഖേന തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി നടപ്പുവർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദസംസ്ഥാനമായി മാറ്റുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ബാരിയർ ഫ്രീ കേരള പദ്ധതി 2015-16 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ/ ഓഫീസുകൾ എന്നിവ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും തുകകൾ അനുവദിച്ചിട്ടുള്ളതും നിർമ്മാണ നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നതും ഇപ്പോഴും തുടർപദ്ധതിയായി നടപ്പിലാക്കി വരുന്നതുമാണ്.

### II. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നിലവിലുള്ള പദ്ധതികൾക്ക് പുറമേ ശാരീരികവൈകല്യമുളളവർക്കായി ജീവനോപാധി വികസനകേന്ദ്രം സജ്ജമാക്കുക, ഭിന്നശേഷിക്കാരുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുക എന്നീ രണ്ട് പുതിയ പദ്ധതികൾ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### III. സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്

സംസ്ഥാനത്തെ ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ- സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റിയുടെ അനുയാത്ര പദ്ധതി മുഖേന നിലിവിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുവരുകയാണ് ചെയ്യുന്നത്. അനുയാത്ര പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Respose Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ/ ജനറൽ ആശുപത്രകിളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

## 2. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

## 3. റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. ഇവരിൽ തന്നെ അനുബന്ധ രോഗങ്ങൾ ഉള്ളവർ, പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർ, എന്നിവർക്കാണ് റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു.

4. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ

25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) മുഖേനയാണ് മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

5. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ അനുയാത്ര പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ സ്ഥാപിക്കുന്നത്.

6. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽത്തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ് പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു.

7. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക്

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. .18001201001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

8. ഓട്ടിസം സെന്ററുകൾ

ഓട്ടിസം ഉള്ള കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാടീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോതെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

9. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

10. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

11. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

12. ഹോർട്ടികൾച്ചർ തെറാപ്പി

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റിസയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട്.

13. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി

ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ ഈ പദ്ധതി നടപ്പിലാക്കുകയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നു.

14. മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി രോഗികൾക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

15. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ

ആധുനിക സംവിധാനങ്ങളോടു കൂടിയ ഗേറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കേന്ദ്രത്തിൽ പ്രവർത്തിച്ച് വരുന്ന സ്പൈനൽ ഇഞ്ചുറി പുനരധിവാസ കേന്ദ്രത്തിൽ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ അസ്സസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യൻറ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## 16. റീഹാബ് എക്സ്പ്രസ്

ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതികളിൽ അസ്സസ്മെൻറ്, പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി NIPMR മായി ചേർന്ന് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് റീഹാബ് എക്സ്പ്രസ്സ് എന്ന ഒരു മൊബൈൽ യൂണിറ്റ് നടപ്പിലാക്കി വരുന്നു.

## 17. ഷോർട്ട്ഫിലുമുകൾ (ഡ്രീം ഡെയർ ഡു)

സ്പെഷ്യൽ സ്കൂളുകൾ, വികലാംഗർക്കായുള്ള സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകളും ഏജൻസികളും, അക്കാദമിക് - പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഭിന്നശേഷിക്കാരായ വ്യക്തികളുടെ കഴിവുകളും, വിജയങ്ങളും ഉയർത്തിക്കാട്ടുന്ന 4 ഷോർട്ട് ഫിലിമുകൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നിർമ്മിച്ച് പ്രദർശിപ്പിച്ച് വരുന്നു.

## 18. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

## IV. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്)

നിഷിലെ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

### 1. ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വികസനം

മലയാളത്തിൽ ആദ്യമായി ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല നിഷ് തയ്യാറാക്കി മലയാള ഭാഷയിൽ ഒരു ഏകീകൃത ഫിങ്ഗർ സ്പെല്ലിംഗ് (Finger Spelling) ഉണ്ടാക്കുകയും അത് പ്രചരിപ്പിക്കുകയും, ഭാവിയിൽ അത് ശ്രവണ പരിമിതർക്കായുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പടുത്തുകയും ചെയ്യുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

### 2. സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്

ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം വികസിപ്പിക്കാൻ ഏറ്റവും നൂതനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഭിന്നശേഷി ഗവേഷണ രംഗത്ത് മാതൃകാപരമായ മാറ്റം കൈവരിക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് നിഷ്-ൽ പ്രവർത്തനം ആരംഭിക്കുന്നത്. ആശയവിനിമയതകരാറുകൾ അനുഭവപ്പെടുന്ന വ്യക്തികളെ സമൂഹത്തിൽ കൂടുതൽ സജീവമായി സംഭാവന ചെയ്യുന്നവരാകാൻ പ്രാപ്തരാക്കുക. വിവിധ ആശയവിനിമയ തകരാറുകളും അവയുടെ കാരണങ്ങളും മനസ്സിലാക്കുക ചികിത്സാരീതികൾ വികസിപ്പിക്കുന്നതിനും ചികിത്സാ ഫലങ്ങൾ വിലയിരുത്തുന്നതിനുമായി വിപുലമായ ഗവേഷണം നടത്തുക ഇവയാണ് CRCS ന്റെ ലക്ഷ്യം.

### 3. നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം'

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചലനശേഷി മെച്ചപ്പെടുത്താനും, മാനസിക-സാമൂഹിക വളർച്ചയെ ത്വരിതപ്പെടുത്താനും വേണ്ടിയുള്ള നൂതന സാമഗ്രികൾ അടങ്ങിയ സെൻസറി പാർക്ക്- സഫൽ സെൻസറിയം നിഷ്-ൽ നിർമ്മിച്ചു. പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന വിവിധ കളികളും ഇന്ദ്രിയാധിഷ്ഠിതമായതുമായ പഠനരീതിയാണ് ആണ് സെൻസറി പാർക്ക് എന്ന ആശയത്തിലൂടെ നിഷ് മുന്നോട്ടുവയ്ക്കുന്നത്.

### 4. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നു ഭിന്നശേഷിക്കാർക്കായുള്ള 24 x 7 ഹെൽപ് ലൈൻ

കോവിഡ് 19, കാലാവസ്ഥാ വ്യതിയാനങ്ങൾ. പ്രകൃതി ദുരന്തം എന്നിവയുമായി ബന്ധപ്പെട്ട് ശ്രവണപരിമിതർക്കുണ്ടായേക്കാവുന്ന സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും

മറുപടി പറയാനും, ഈ സാഹചര്യങ്ങൾ എത്രത്തോളം കരുതലോടെ നേരിടണം എന്ന അവബോധം അവരിലേയ്ക്കെത്തിക്കാനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗും, കേരളാ ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി 24: മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ സജ്ജീകരിച്ചു. ഭിന്നശേഷി, ആരോഗ്യം, ദുരന്തനിവാരണം എന്നീ മേഖലകളിലെ വിദഗ്ധരുടെ സേവനവും മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള കൗൺസിലിംഗും ഇതിലൂടെ ലഭ്യമാണ്. ആംഗ്യഭാഷയിൽ ആശയവിനിമയം നടത്താവുന്നതാണ്.

## 5. ഭിന്നശേഷി ശാസ്ത്ര ഗവേഷണ സെൽ

പ്രൊഫഷണൽ വൈദഗ്ധ്യം ഉൾപ്പെടെ സംസ്ഥാനത്തെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ഉപദേശക തലത്തിൽ പ്രവർത്തിക്കാൻ നിഷിൽ ഭിന്നശേഷി പഠന ഗവേഷണ സെൽ രൂപീകരിച്ചു. RPWD ആക്ട് (2016) അനുസരിച്ച് സംസ്ഥാനത്തെ വിവിധ, BUDS സ്കൂളുകൾ BUDS കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിയുള്ളവർക്ക് സേവനങ്ങൾ നൽകുന്ന സംസ്ഥാനത്തെ മറ്റ് വിവിധ സെന്ററുകൾ, എന്നിവയുടെ രജിസ്ട്രേഷനായി ബന്ധപ്പെട്ട ഗുണനിലവാര മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ബെഞ്ച്മാർക്ക് ഭിന്നശേഷിയുള്ള വ്യക്തികൾക്കായി സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ വിവിധ ജോലികൾക്കുള്ള ശാരീരികവും പ്രവർത്തനപരവുമായ ആവശ്യകതകൾ നിർണയിക്കുന്നതിനും നാലു ശതമാനം സംവരണം ഏർപ്പെടുത്തുന്നതിന് വിദഗ്ധസമിതിയെ സഹായിക്കുന്നതിനും ഈ സെൽ പ്രവർത്തിക്കുന്നു.

## 6. ആക്സസബിൾ ബുക്ക് ക്രീയേഷൻ പദ്ധതി

എല്ലാ ഭിന്നശേഷികൾക്കും ഒരുപോലെ പ്രാപ്യമായ കഥാപുസ്തകങ്ങളുടെ നിർമാണമാണ് ആക്സസ്സിബിൾ ബുക്ക് ക്രിയേഷൻ പദ്ധതി. ഓരോ ഭിന്നശേഷി മേഖലയിലും പ്രവർത്തിക്കുന്നവർ അതാതു മേഖലകൾക്കായുള്ള പുസ്തകങ്ങൾ രൂപകല്പ്പന ചെയ്യുകയാണ് നിലവിലെ രീതി. ഇതിൽ നിന്നും വിഭിന്നമായി ഒരു കഥാബുക്ക് പലതരം ഭിന്നശേഷിക്കാർക്ക് ഒരു പോലെ ഉപയോഗമാകും വിധം വികസിപ്പിക്കുന്ന പദ്ധതിയാണ് ആക്സസിബിൾ ബുക്ക് ക്രിയേഷൻ. ഇത്തരത്തിലുള്ള മൂന്ന് കഥാബുക്കുകൾ സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ നിഷ് പൂർത്തിയാക്കി.

## 7. ഭിന്നശേഷിക്കാരിൽ സംരംഭകത്വം വളർത്താനും. നൂതന ആശയങ്ങൾ വികസിപ്പിക്കാനുമുള്ള പദ്ധതി (I-YwD).

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളിൽ നിന്നും സമൂഹത്തിലെ നിലവിലുള്ള ഒരു പ്രശ്നം പരിഹരിക്കാൻ നൂതന ആശയങ്ങൾ ഉള്ളവരെ കണ്ടെത്തി അവർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിച്ചെടുക്കുവാനും ഒരു സംരംഭമാക്കി മാറ്റുവാനുമുള്ള പരിശീലനം

നൽകുന്നതിനായി, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നേവേഷൻ സ്റ്റാറ്റജിക് കൗൺസിൽ (കെ-ഡിഎസ്സി) വിഭാവനം ചെയ്ത് നാഷണൽ ഇൻസ്റ്റിറ്റൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് ഇന്നോവേഷൻ ബൈ യുത്ത് വിത്ത് ഡിസബിലിറ്റീസ് (I-YwD) എന്ന കേരള ഗവൺമെന്റ് പ്രോജക്റ്റ്.

8. സ്ട്രക്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP) (ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ മാനസിക ക്ഷേമത്തിനായുള്ള പദ്ധതി

കുട്ടികളുടെ ഭിന്നശേഷി തിരിച്ചറിയുന്ന സമയത്തു മാതാപിതാക്കൾക്ക് ഉണ്ടായേക്കാവുന്ന മാനസികബുദ്ധിമുട്ടുകൾക്ക്, കാൺസിലിംഗ് നല്കുന്നതിനു വേണ്ടിയാണ് സ്റ്റെപ്പ് നിലകൊള്ളുന്നത്. കുട്ടിയുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി മാതാപിതാക്കളെ സഹായിക്കുകയും, അതു ഭിന്നശേഷി മേഖലയിൽ അവർക്കുള്ള വിജ്ഞാനം വർധിപ്പിക്കാനായി വെബ്ബിനാറുകളും, ശാക്തീകരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നു. .കൂടാതെ മാതാപിതാക്കൾ അറിയേണ്ടതായിട്ടുള്ള വിഷയങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ നല്കാനും സ്റ്റെപ്പ് ശ്രദ്ധിക്കുന്നു.

9. ഇന്നവേഷൻ ബൈ യൂത്ത് വിത് ഡിസെബിലിറീസ് (I-YwD)

കേരളാ ഡവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിൽ വിഭാവനം ചെയ്ത് നാഷണൽ ഇൻസ്റ്റിറ്റൂട്ട് ഓഫ് സ്വിച്ച് ആൻഡ് ഹിയറിങ്ങ് നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ പദ്ധതിയായ ഇന്നവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതി ഭിന്നശേഷിയുള്ള യുവതി യുവാക്കൾക്ക് നവീനവും നൂതനവുമായ ആശയങ്ങളിലും സംരംഭകത്വത്തിലും നേരിട്ടുള്ള പരിശീലനം നല്കുന്നതിനോടൊപ്പം സമൂഹത്തിൽ തുല്യ അവസരങ്ങളും ഉറപ്പവരുത്തി, അവരെ സാമൂഹിക മാറ്റത്തിന്റെ സാരഥികൾ ആക്കി മാറ്റുന്നു.

10. കോക്ലിയാർ ഇംപ്ലാൻറ് ശസ്ത്ക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള ശ്രുതി തരംഗം .

കേരള സർക്കാരിന്റെ "ശ്രുതിതരംഗം" പദ്ധതിയുടെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ വിധേയരായ കുട്ടികൾക്ക് ശസ്ത്രക്രീയാനന്തര പുനരധിവാസ സേവനങ്ങൾ നൽകുന്നതിനും കോക്ലിയർ ഇപ്ലാന്റിന്റെ പ്രവർത്തനക്ഷമത തുടർച്ചയായി വിലയിരുത്തുന്നതിനും ഓഡിയോളജിസ്റ്റുകളെയും ഓഡിറ്ററി വെർബൽ തെറാപ്പിസ്റ്റുകളെയും പരിശീലിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിഷ്-നെ ഗവൺമെൻറ് അധികാരപ്പെടുത്തുകയും അതിൻപ്രകാരം നിഷ് പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

11. കേരളാഗവൺമെൻറ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ് സെമിനാർ (NIDAS)

സാമൂഹ്യ നീതി വകുപ്പുമായി ചേർന്ന് ഭിന്നശേഷിയുള്ളവർ അവരുടെ മാതാപിതാക്കൾ, പരിചരിക്കുന്നവർ എന്നിവർക്കായി നിഷ് സംഘടിപ്പിക്കുന്ന വിവിധ ഭിന്നശേഷികളെ കുറിച്ചുള്ള സംസ്ഥാനതല ഓൺലൈൻ സംവേദനാത്മക ബോധവൽക്കരണ സെമിനാർ ആണ് നിഡാസ് (NIDAS). ഭിന്നശേഷിയുടെ അനന്തരഫലങ്ങളെ കുറിച്ചും, ഭിന്നശേഷിയുള്ളവരുടെ പരിചരണം എങ്ങനെ ഫലപ്രദമായി സാധ്യമാക്കാം എന്നിവ സംബന്ധിച്ചും രക്ഷകർത്താക്കൾക്കും പരിപാലകർക്കും ധാരണയുണ്ടാക്കുക എന്നതാണ് നിഡാസ്-ന്റെ ലക്ഷ്യം.

12. സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ (CATI)

ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനായി ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന, ഇന്ത്യയിലെ ആദ്യ സമഗ്ര അസിസ്റ്റീവ് ടെക്നോളജി സെന്റർ ആണ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ. Assistive Technology Solutions എന്ന 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് CATI സംഘടിപ്പിച്ചു വരുന്നു. ഇന്ത്യക്കകത്തും പുറത്തും നിന്നുള്ള നിരവധി വിദ്യാർത്ഥികൾക്ക് ഈ കോഴ്സ് പ്രയോജനം ചെയ്യുന്നു. കൂടാതെ, Accessibility and Assistive Technology Consultancy Services എന്നൊരു കൺസൾട്ടൻസി സർവീസും CATI നടത്തുന്നുണ്ട്.

13. നാഷണൽ സെൻറർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി (ICMR_NCAHT)

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസെർച്ചിന്റെ ധനസഹായത്തോടു കൂടി, തദ്ദേശീയമായ സഹായ സാങ്കേതിക ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവശ്യമായ സഹായ സാങ്കേതിക സേവനങ്ങൾ നല്കാൻ പദ്ധതി ലക്ഷ്യമിടുന്നു. സഹായ സാങ്കേതിക ഉപകരണങ്ങളുടെ ഉൽപ്പാദനം, വാണിജ്യവൽക്കരണം എന്നിവ കൂടാതെ ബോധവൽക്കരണം, ആവശ്യകത തിരിച്ചറിയൽ, പ്രോട്ടോടൈപ്പിംഗ്, ക്ലിനിക്കൽ മൂല്യനിർണ്ണയം, എന്നിവ വികസിപ്പിക്കുന്നതിലും നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

14. സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്. ന്യൂറോ ഇമേജിംഗ് സൗകര്യ വികസനം

സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസിലേക്കുള്ള ന്യൂറോ ഇമേജിംഗ് എന്നത്, ന്യൂറൽ ഫിസിയോളജിയിലെ മാറ്റങ്ങൾ നിർണ്ണയിച്ച്, പുനരധിവാസത്തിനായി

നടത്തുന്ന പ്രവർത്തനങ്ങളുടെ (Intervention) പുരോഗതി മനസ്സിലാക്കാൻ സഹായിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ സാങ്കേതികവിദ്യ മുതിർന്നവരുടെയും, കുട്ടികളുടെയും നാഡീകോശ പ്രവർത്തനങ്ങളിലെ മാറ്റങ്ങൾ നിരീക്ഷിച്ചറിയുവാനും, ക്ലിനിക്കൽ, ഗവേഷണ ആവശ്യങ്ങൾക്കു ഉപയോഗിക്കുവാനും കഴിയും.

## 15. അസിസ്റ്റീവ് ടെക്നോളജി നീഡ് അസസ്മെന്റ് സെൽ (ATAC) -വെബ്സൈറ്റ് പോർട്ടൽ

പുനരധിവാസ പ്രൊഫഷണലുകൾ, എഞ്ചിനീയർമാർ, ഫിസിഷ്യൻമാർ എന്നിവരടങ്ങുന്ന അസിസ്റ്റീവ് ടെക്നോളജി (സഹായസാകങ്കേതികവിദ്യ) വിദഗ്ധരുടെ ഒരു സംഘം ഉൾപ്പെടുന്നതാണ് അസിസ്റ്റിവ് ടെക്നോളജി നീഡ് അസസ്മെന്റ് സെൽ. സഹായ സാങ്കേതിക വിദ്യ ആവശ്യമുള്ള വ്യക്തികളുടെ ചലനക്ഷമത, ആശയവിനിമയം, പഠനം, കമ്പ്യൂട്ടർ പ്രാപ്യത, എർഗണോമിക്സ്, അവരെ ജോലിസ്ഥലവുമായി പൊരുത്തപ്പെടൽ, പ്രവേശനക്ഷമത (accessibility) ഉറപ്പാക്കുക, എന്നിവയ്ക്കായുള്ള സാങ്കേതികതവിദ്യകളുടെ വികസനം നീഡ് അസസ്മെന്റ് പ്രോട്ടോക്കോളിൽ ഉൾപ്പെടുന്നു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോളുകളും വ്യവസ്ഥകളും അടിസ്ഥാനമാക്കിയാണ് ഇതിനായുള്ള ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നത്.

## 16. കെയർ ഹോം പദ്ധതി (NISH Elderly Therapy Service)

നിഷിന്റെ- ഭിന്നശേഷി പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിൻറെ ഭാഗമായാണ് തിരുവനന്തപുരം പുലയനാർ കോട്ട വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഒക്യുപേഷണൽ തെറാപ്പി സേവനങ്ങൾ നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കമിടുന്നത്. വൃദ്ധസദനത്തിലെ അന്തേവാസികളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, പരസഹായമില്ലാതെ ദൈനംദിനചര്യകൾ പൂർത്തികരിക്കുവാനും, അവരുടെ കാര്യക്ഷമതയിലും സ്വയം പര്യാപ്തതയിലും കാര്യമായ ഇടപെടലുകൾ നടത്തേണ്ടതാണെന്ന് നിഷ് നടത്തിയ പ്രഥമ വിശകലനം വെളിപ്പെടുത്തുന്നു.

## 17. ജേണൽ ഫോർ റിഹാബിലിറ്റേഷൻ സയൻസസ് ആൻഡ് ഡിസെബിലിറ്റി സ്റ്റഡീസ്

ഭിന്നശേഷി മേഖലയിലെ വിദഗ്ധർക്ക് അവരുടെ നൂതന ഗവേഷണങ്ങളും പഠനങ്ങളും മറ്റു വിദഗ്ധരുമായി പങ്കുവയ്ക്കാനും ചർച്ച ചെയ്യാനും അതിലൂടെ ഉന്നതമായ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കാനും ഉതകുന്ന ജേർണൽ ഫോർ റീഹാബിലിറ്റേഷൻ സയൻസസ് & ഡിസെബിലിറ്റി സ്റ്റഡീസ്-ന്റെ ആദ്യ ഓൺലൈൻ പതിപ്പ് പ്രസിദ്ധീകരിച്ചു. അത്യാധുനിക ഗവേഷണഫലങ്ങളും ദീർഘവീക്ഷണങ്ങളും പങ്കവയ്ക്കാനുള്ള ഒരു പ്രമുഖ വേദിയാണ് JRSDS